നം. എച്ച്.2/5594/2022/ഡി.ജി.ഇ(1)

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം.തീ. 26/07/2022

പ്രേഷകൻ

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം-പൊ.വി-തസ്തിക നിർണ്ണയം- 2022-23-സമന്വയ-യു.ഐ.ഡി. വിവരങ്ങൾ വ്യക്തതാ നിർദ്ദേശം-സംബന്ധിച്ച്.

സൂചന-ഈ ഓഫീസിലെ എച്ച്.2/5594/2022 തീ. 19/07/2022 പരിപത്രം

2019-20 വർഷത്തെ തസ്തിക നിർണ്ണയത്തിന് യു.ഐ.ഡി./ഇ.ഐ.ഡി. ഉള്ള കുട്ടികളെയും ഇത് രണ്ടുമില്ലാത്തവരിൽ ഡിക്ലറേഷൻ ഉള്ളവരെയും പരിഗണിച്ചിരുന്നു. എന്നാൽ 2022-23 വർഷത്തിൽ പുതിയ കെ.ഇ.ആർ. ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തുന്നത്. ഈ ഭേദഗതി പ്രകാരം യു.ഐ.ഡി. നിർബന്ധമാണ് എന്നിരിക്കിലും യു.ഐ.ഡി. ഇല്ലാത്ത വിദ്യാർത്ഥികളുടെ ഡിക്ലറേഷന്റെ കൂടി അടിസ്ഥാനത്തിൽ ഇത്തരം വിദ്യാർത്ഥികളെ കൂടി ഈ വർഷം തസ്തിക നിർണ്ണയത്തിന് പരിഗണിക്കാമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. യു.ഐ.ഡി. ഇൻവാലിഡേറ്റ് ആയുള്ള കുട്ടികൾ കൂടി ഉണ്ട്. ഇത്തരം കുട്ടികളെ കൂടി യു.ഐ.ഡി. ഇല്ലാത്തവർ എന്ന ഗണത്തിൽ പെടുത്തി ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

തസ്തിക നിർണ്ണയത്തിന് വിദ്യാർത്ഥികളുടെ വിവരം സമ്പൂർണ്ണയിൽ നിന്നുമാണ് എടുക്കുന്നത്. സമ്പൂർണ്ണയിൽ യു.ഐ.ഡി/ഇ.ഐ.ഡി. ഉള്ള വിദ്യാർത്ഥികളെ ഒരു പോലെയാണ് കണക്കാക്കുന്നത്. ഇക്കാരണത്താലാണ് സമന്വയയിൽ യു.ഐ.ഡി/ഇ.ഐ.ഡി. ഇല്ലാത്തവർ എന്നിടത്ത് ഇ.ഐ.ഡി. ഉള്ളവരെ കാണിക്കാത്തത്. ഇ.ഐ.ഡി. മാത്രം ഉള്ളവരെയും ഈ വർഷം കൂടി യു.ഐ.ഡി. ഉള്ളവരായി കണക്കാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇ.ഐ.ഡി. മാത്രം ഉള്ളവരെയും തസ്തിക നിർണ്ണയത്തിന്

പരിഗണിക്കേണ്ടതാണ്. ആറാം പ്രവൃത്തി ദിനത്തിന് സമ്പൂർണ്ണയിൽ ഉള്ള കണക്കിന് ശേഷം സമ്പൂർണ്ണയിൽ യു.ഐ.ഡി. ചേർത്തവരും വാലിഡേറ്റ് ചെയ്യപ്പെട്ടവരും ഉണ്ടാകാം. ഈ വിവരങ്ങൾ കൂടി സമന്വയയിൽ പ്രതിഫലിക്കുന്നതാണ്. ഈ കേസുകളിൽ ഡിക്ലറേഷൻ സമർപ്പിച്ചവരിൽ യു.ഐ.ഡി. ഉള്ളവരും വാലിഡേറ്റ് ആയവരും കൂടി ഉണ്ടാകാം. കൂടുതൽ വിദ്യാർത്ഥികളുടെ ഡിക്ലറേഷൻ ഉണ്ട് എന്നത് ഒരു പ്രശ്നമായി കണക്കാക്കേണ്ടതില്ല. സമന്വയയിൽ വിദ്യാർത്ഥികളുടെ വിവരം പരിശോധിക്കുമ്പോൾ യു.ഐ.ഡി. സംബന്ധിച്ച് സംശയം/ഡിക്ലറേഷനിലുള്ള വ്യത്യാസം എന്നിവ വരുമ്പോൾ വിഷയം ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകന്റെ ശ്രദ്ധയിൽ പെടുത്തി ശരിയായ ഡിക്ലറേഷൻ ലഭ്യമാക്കി ഫയലിൽ അറ്റാച്ച് ചെയ്യേണ്ടതാണ്. സമന്വയ പരിശോധിക്കുമ്പോൾ Not A UID, Invalid UID, Without UID എന്ന് കാണിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും ഡിക്ലറേഷൻ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമായാൽ പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ട് തസ്തിക നിർണ്ണയത്തിന് പരിഗണിക്കാവുന്നതുമാണ്

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്

എല്ലാ സമന്വയ നോഡൽ ഓഫീസർമാർക്കും